# അറബി ഭാഷ.

സെമിറ്റിക് ഭാഷ. ജനസംഖ്യയനുസരിച്ച് ലോകത്തെ നാലാമത്തെ വിനിമയഭാഷയാണ് അറബി. സെമിറ്റിക് ഭാഷാകുടുംബത്തിലെ പ്രധാന ഭാഷയും അറബി തന്നെ.(സെമിറ്റിക് ഭാഷകളുടെ മാതാവാണ് അറബി എന്ന അഭിപ്രായക്കാരാണ് അറബി ഭാഷാ ഗവേഷകന്മാരിൽ അധികവും. ഹിബ്രു, ഹിംയറത്, സിറിയൻ, അരാമിക്, എത്യോപ്യൻ, ഫിനിഷ്യൻ, അക്കേഡിയൻ ഭാഷകളാണ് സെമിറ്റിക് കുടുംബത്തിലെ ഭാഷകൾ) ചരിത്രപരമായ ധാരാളം വികാസപരിണാമങ്ങൾക്കു ശേഷമാണ് അറബി ഇന്നു കാണുന്ന രൂപത്തിലെത്തിയത്.

മരുഭൂമിയിലൂടെ അലഞ്ഞുനടന്നിരുന്ന അറേബ്യൻ നാടോടികളുടെ ഭാഷയായിരുന്നു അറബി. മരുഭൂസംസ്കാരം അറബിയെ ഇതര ഭാഷകളുമായി കൂടിക്കലരാതെ ശുദ്ധരിതിയിൽ നിലനിൽക്കാൻ സഹായിച്ചു. മറ്റു ഭാഷകൾക്ക് സംഭവിച്ച ശൈലി ജീർണതകളോ അർഥനഷ്ടമോ സംഭവിക്കാതെ അതിനെ നിലനിറുത്തിയതും അതേ
സംസ്കാരം തന്നെയാണ്.

ഒട്ടനവധി പ്രാദേശിക ഭേദങ്ങളോടു കൂടിയതായിരുന്നു ആദ്യകാലത്ത് അറബി ഭാഷ. എ.ഡി. 622ൽ വിശുദ്ധ ഖുർആൻ അവതരിച്ചതോടുകൂടി പ്രാദേശിക ശൈലിവ്യത്യാസ ങ്ങൾ അപ്രത്യക്ഷമാവുകയും പുതിയ ഏകഭാഷാസംസ്കാരം ഉടലെടുക്കുകയും
ചെയ്തു. അതോടൊപ്പം അറേബ്യയിൽ പരിമിതമായിരുന്ന അതിൻെറ അതിർവരമ്പുകളെ ഭേദിച്ചു അത് ഏഷ്യയുടെയും ആഫ്രിക്കയുടെയും മിക്ക ഭാഗങ്ങ ളിലും വ്യാപിച്ചു. ആ കാലഘട്ടത്തിൽ അറബികൾ ലോകത്തിൻെറ പല ഭാഗങ്ങളിലും വ്യാപിച്ചതാണ് അതിന് പ്രധാന കാരണം. ഇസ്‌ലാം അറേബ്യയുടെ അതിർത്തികളെ മുറിച്ചുകടന്ന് മുന്നേറി യതാണ് മറ്റൊരു കാരണം. പുതിയ ഭാവതലങ്ങളും ഈ വളർച്ചയിൽ
അതിന് കൈവന്നു. പടിഞ്ഞാറ് സ്പെയിൻ മുതൽ കിഴക്ക് ചൈന വരെ അതെത്തി. ഇന്ന് വടക്കൻ ആഫ്രിക്കൻ രാജ്യങ്ങൾ, മധ്യ-പൗരസ്ത്യ ഏഷ്യൻ ദേശങ്ങൾ തുടങ്ങി 26 ലധികം രാജ്യങ്ങളിലായി 20 കോടിയിലധികം ജനങ്ങൾ അറബി ഭാഷ സംസാരി
ക്കുന്നുണ്ട്.

അറേബതര രാജ്യങ്ങളിലും അറബിഭാഷ കൈകാര്യം ചെയ്യുന്ന ഒട്ടേറെ ആളുകളെ കാണാം. വിശിഷ്യാ, ഇസ്‌ലാമുമായി ബന്ധപ്പെട്ടതായതിനാൽ അതിന് പവിത്രത കൈവരികയും മുസ്‌ലിംകൾ ഉള്ളേടത്തെല്ലാം അറബിഭാഷ പഠിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാവുകയും ചെയ്തു. ലോകത്തിൻെറ പല ഭാഗങ്ങളിലും ഇന്ന് അറബിഭാഷ പഠിപ്പിക്കുന്നുണ്ട്.

അറബിഭാഷക്ക് 2 ഉപവിഭാഗങ്ങളുണ്ട്. തെക്കൻ ഭാഷാശൈലിയും വടക്കൻ ഭാഷാശൈലിയുമാണവ. ബി.സി. 9-ാം നൂറ്റാണ്ടു മുതൽ എ.ഡി. 6 വരെയുള്ള ലിഖിത ങ്ങളിൽനിന്നാണ് തെക്കൻ ഭാഷാശൈലിയെക്കുറിച്ചു മനസ്സിലാക്കാൻ സാധിക്കുന്നത്. ഇന്ന് അത് മിക്കവാറും നശിച്ചുകഴിഞ്ഞു. എന്നാൽ വടക്കൻ ഭാഷ വളർന്നു വികസിച്ചു. ആദ്യകാല ഭാഷാ, ക്ലാസിക്ക്, ആധുനികത എന്നീ മൂന്ന് ഘട്ടങ്ങൾ അതിൻെറ വളർച്ചയിൽ കാണാനാകും.

പല ലോകഭാഷകളിലും അറബിയുടെ സാന്നിധ്യം കാണാം. ഇംഗ്ളീഷുകാർ ഒട്ടേറെ പദങ്ങൾ അറബിയിൽ നിന്ന് സ്വീകരിച്ചിട്ടുണ്ട്. മലയാളത്തിൽ പോലും അതിൻെറ സാന്നിധ്യം ഏറെ കാണാം.

ലതു ഭാഗത്തുനിന്നും ഇടതുഭാഗത്തേക്ക് ചേർത്തി എഴുതുന്ന രീതിയാണ് അറബിയുടെ എഴുത്തുരൂപം. പ്രധാനമായും 2 രീതിയാണ് അതിനുള്ളത്. പരത്തി എഴുതുന്ന കൂഫീ, ഉരുട്ടി എഴുതുന്ന നസ്ഖ എന്നീ രീതികളാണവ.

അറബി വ്യാകരണശാസ്ത്രം വളരെ വിശാലമാണ്. വിശുദ്ധ ഖുർആനാണ് അതിന് അടിസ്ഥാനം. ഓരോ അറബിവാക്കിനുമുണ്ട് കണിശമായ ഉച്ചാരണാ രീതിയും ഉത്ഭവ
സ്ഥാനവും. ഏറ്റവും സുന്ദരമായ രീതിയിൽ കാലിഗ്രഫി ചെയ്യാൻ സാധിക്കുന്നതും അറബിഭാഷയിൽ തന്നെ.

28 അക്ഷരങ്ങളാണ് അറബിഭാഷക്കുള്ളത്. അതിൽ മൂന്നെണ്ണം (അലിഫ്, വാ, യാ എന്നിവ) സ്വരാക്ഷരങ്ങളാണ്. അറബി ഭാഷാനിയമമനുസരിച്ച് വാചകങ്ങളുടെ ഘടന ക്രിയ, കർത്താവ്, കർമം എന്നിങ്ങനെയാണ്.

മറ്റു ഭാഷകളിലെ വലിയ ആശയങ്ങളെ ഉൾക്കൊള്ളാൻ അറബിയുടെ ചെറിയ വാചകങ്ങൾക്ക് സാധിക്കും.

ഉദാത്തമായ കവിതകൾ കൊണ്ടും ചൊല്ലുകൾ കൊണ്ടും സമ്പന്നമാണ് അറബി ഭാഷ. യാത്രാവൈരസ്യമകറ്റാൻ അറബിനാടോടികൾ പാടിയ നാടോടിപാട്ടുകളും കവിതകളും കഥകളുമാണ് അറബിസാഹിത്യത്തിൻെറ പ്രഗ്രൂപങ്ങൾ.

ഖുർആനാണ് അറബിഭാഷയിലെ ഉദാത്ത സാഹിത്യകൃതിയും. അതിൻെറ ഭാഷയെ അവലംബിച്ചാണ് ക്ലാസിക്കൽ അറബി വളർന്നത്. ഖുർആനിൻെറ ഭാഷയും സാഹിത്യവും പൂർണമായതിനാൽ അറബിസാഹിത്യം പരിവർത്തനത്തിന് വിധേയമല്ല. ഇന്നും സംസാരശൈലി ദേശങ്ങൾക്കനുസൃതമായി വ്യത്യസ്തമാണെങ്കിലും പഠനം, എഴുത്ത്, മറ്റു ഔദ്യോഗികകൃത്യങ്ങൾ എന്നിവക്ക് ഒരേ ശൈലിയാണ് എല്ലായിട ത്തുമുള്ളത്. ഖുർആൻ അന്ത്യനാൾ വരെ കലർപ്പുകളോ ഏറ്റക്കുറച്ചിലുകളോ മറ്റു വിധ കൈകടത്തലുകളോ ഇല്ലാതെ സംരക്ഷിച്ചുനിലനിറുത്തുകയെന്നത് ദൈവിക കർത്തവ്യമായതിനാൽ ഖുർആൻ നിലനിൽക്കുവോളം അറബി ഭാഷയും സംരക്ഷിക്കപ്പെടുക തന്നെ ചെയ്യും.

ഒട്ടേറെ കനപ്പെട്ട ശാസ്ത്ര-സാഹിത്യ കൃതികൾ ലോകത്തിന് സമർപ്പിക്കുവാൻ അറബി ഭാഷക്ക് ഭാഗ്യമുണ്ടായി. പ്രശസ്തരായ ഏറെ സാഹിത്യകാരന്മാരെയും അത് ലോകസാഹിത്യത്തിന് സംഭാവന നല്കി. ഇബ്നു ഖൽദൂൻ (1332-1406), ഇബ്നു ബതൂത, അൽബിറൂനി, ജാബിർ ബിൻ ഹയ്യാൻ, ഇബ്നു റുശ്ദ്, ഫാറാബി, ഇബ്നുസീന, ഖലീൽ ജിബ്രാൻ തുടങ്ങിയവർ വിവിധ ശാസ്ത്ര-സാഹിത്യ മേഖലകളിൽ ലോകപ്രശ
സ്തരായവരാണ്.

ആധുനിക അറബിയാണ് ഇന്ന് പ്രയോഗത്തിലുള്ളത്. രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധവും അതുമുഖേനയാണ്. ആഗോള വേദികളിൽ അർഹമായ സ്ഥാനം ഇന്ന് അതിനുണ്ട്.

പ്രധാനപ്പെട്ട ഒരു ഭാഷ എന്നതിനാൽ അറബിഭാഷാപഠനം തീർച്ചയായും ഉപകാരം ചെയ്യും. പ്രത്യേകിച്ച് അറബിനാടുകളിലെ ജോലിയുമായി ബന്ധപ്പെട്ട ഒരു ഭാഷകൂടിയാകുമ്പോൾ അതിൻെറ പഠനം പ്രാധാന്യമർഹിക്കുന്നു.

രണ്ട് ഘട്ടങ്ങളായാണ് പാഠം തയാറാക്കിയിട്ടുള്ളത്. മൂന്ന് മാസം കൊണ്ട് അറബി അക്ഷരങ്ങളെ പരിചയപ്പെടുവാനും അവ വായിച്ചെടുക്കാൻ കഴിവാർജിക്കുന്നതിനുമാണ് ഒന്നാം ഘട്ടത്തിൽ പ്രാമുഖ്യം കൊടുത്തിട്ടുള്ള്. ശരാശരി ഒരു വർഷം ആവശ്യമായ ജോലിയാണിത്.

രണ്ടാം ഘട്ടം അത്യാവശ്യം വാചകങ്ങൾ പറയുവാനും അവ എഴുതുവാനും പരിശീലിപ്പിക്കുകയാണ്. തുടർന്ന് വഴിയുടെ നിർദ്ദേശാനുസാരമുള്ള പ്രൊഫഷണൽ കേഴസുകളിലൂടെ ഭാഷയിൽ പ്രാവീണ്യം നേടാനുള്ള മേഖലകളിലേക്ക് ആവശ്യമെങ്കിൽ തിരിയാം.